# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1677 — 10-03-2020-ൽ മറുപടിക്ക്.

## ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

ചോദ്യം
ശ്രീ.വി.ആർ. സുനിൽ കുമാർ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയിലെ പരീക്ഷാ ഫീസ് സ്വീകരിയ്ക്കുന്നതിൽ നിന്നും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളെ വിലക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ; | (എ) | കേരള സർവകലാശാലയുടെ സിന്റിക്കേറ്റ് തീരുമാന പ്രകാരം സർവ്വകലാശാലയിലെ വിവിധ സേവനങ്ങൾക്കായുള്ള ഫീസ് അടയ്ക്കുന്നത് 10.08.2019 മുതൽ സർവ്വകലാശാല കമ്പ്യൂട്ടർ സെന്റർ /ഓൺലൈൻ പേയ്മെന്റ് സംവിധാനം മുഖേനയോ ബാങ്ക് വഴിയോ മാത്രമാക്കി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർവകലാശാല ഫീസുകൾ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ മുഖേന സ്വീകരിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായിരുന്ന പ്രസ്തുത സൗകര്യം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കേരള സർവ്വകലാശാലയിലെ വിവിധ സേവനങ്ങൾക്കായുള്ള ഫീസ് സ്വീകരിക്കുന്നതിന് ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളെയും കേരള സർവ്വകലാശാലയെയും സമന്വയിപ്പിച്ചുകൊണ്ടുള്ള പുതിയ സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഫ്രണ്ട്സ് കേന്ദ്രങ്ങളിലും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജോലിക്രമീകരണ വ്യവസ്ഥയിൽ വിവിധ വകുപ്പുകളിൽ നിന്നും ജീവനക്കാരെ ലഭിക്കുന്നതിലുള്ള കുറവ് |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനായി വിരമിച്ച സർക്കാർ ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ വഴി സേവനം നൽകുന്ന വകുപ്പുകളുടെ വെബ് സർവീസ് ലഭ്യമാകാതെ വരുന്ന ഘട്ടങ്ങളിൽ അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട എത്രയുംവേഗം പരിഹരിക്കുന്നതിനുള്ള സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. |
| (ഡി) | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | നിലവിൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ വഴി വിവിധ വകുപ്പുകളുടെ 16 -ഇനം സേവനങ്ങളാണ് നൽകിവരുന്നത്. മോട്ടോർ വെൽഫെയർ ഫണ്ട് ബോർഡിന്റെ അംശാദായം ഉൾപ്പെടെയുള്ള പുതിയ സേവനങ്ങൾ ഫ്രണ്ട്സ് മുഖാന്തിരം ശേഖരിക്കാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റു വിവിധ ക്ഷേമനിധി ബോർഡുകളുടെ അംശാദായങ്ങൾ ഫ്രണ്ട്സ് കേന്ദ്രങ്ങൾ വഴി സ്വീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ പുതിയ മാതൃകയിലേക്കു മാറ്റുന്നതിന്റെ ഭാഗമായി ഇപ്പോൾ നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ ഇ-ഡിസ്ട്രിക്റ്റ്, മറ്റു വിവിധ വകുപ്പുകളുടെ സേവനങ്ങൾ തുടങ്ങിയവ കൂടി ഉൾപ്പെടുത്തി ഫ്രണ്ട്സ് കേന്ദ്രങ്ങളെ ജില്ലയിലെ ഐ.ടി ഹെൽപിംഗ് ഹബ് ആയി മാറ്റുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ